# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.164 — 28.10.2019 ലെ മറുപടിയ്ക്ക്

## അട്ടക്കുളങ്ങര കമലേശ്വരം റോഡിലെ അനധികൃത പാർക്കിംഗ്

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരിയിലെ അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും സ്ഥിരമായി അനധികൃത പാർക്കിംഗ് നടത്തുന്നവർക്ക് പിഴ ചുമത്തുന്നതിന് പോലീസ് പലപ്പോഴും ശുഷ്കാന്തി കാണിക്കുന്നില്ലെന്ന പരാതി ഗൗരവമായി കാണുമോ; | (എ) | തിരുവനന്തപുരം അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും, അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്ന വാഹന ഉടമകൾക്കെതിരെ പോലീസ് കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സ്ഥലത്ത് അനധികൃത പാർക്കിംഗ് നടത്തിയതിന് എത്ര തുക നിയമലംഘകരിൽ നിന്ന് പിഴയിനത്തിൽ 6/2016 മുതൽ 30/09/2019 വരെ ഈടാക്കി എന്ന് അറിയിക്കുമോ; | (ബി) | 06/2016 മുതൽ 30/09/2019 വരെ 15,01,900 രൂപ അനധികൃത പാർക്കിംഗ് നടത്തിയതിന് ഈ സ്ഥലത്തുനിന്നും ഈടാക്കിയിട്ടുണ്ട്. |
| (സി) | യു.എ.ഇ കോൺസുലേറ്റ്, ആറ്റുകാൽ ക്ഷേത്രം എന്നിവ ഉൾപ്പെടുന്ന ഈ പ്രദേശത്ത് ഹോട്ടലുകളുടെയും ജ്യൂസ് ബാറുകളുടെയും മുന്നിൽ യാതൊരു നിയന്ത്രണവുമില്ലാതെ പാർക്കിംഗ് നടത്തുന്നവർക്കെതിരെ പോലീസ് നടപടി എടുക്കുന്നതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുകയും എന്നാൽ ഹെൽമറ്റ് ധരിക്കാതെ ടൂവീലർ ഓടിക്കുന്ന വൃദ്ധരിൽനിന്ന് പോലും പിഴ ചുമത്തുകയും ചെയ്യുന്ന നടപടി അവസാനിപ്പിക്കുമോ; | (സി) | UAE കോൺസുലേറ്റ്, ആറ്റുകാൽ ക്ഷേത്രം എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഹോട്ടലുകാരുടെയും, ജ്യൂസ് പാർലറു-കളുടെയും മുന്നിൽ അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹന ഉടകൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഹെൽമറ്റ് ധരിക്കാതെ ടൂവീലർ ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | വളരെ തിരക്കേറിയ ഈ പ്രദേശത്ത് ഇത്തരം കടകളുടെ മുന്നിൽ അനധികൃത പാർക്കിംഗ് നടത്തുന്നവർ ഗതാഗത തടസ്സമുണ്ടാക്കുന്നത് ഗൗരവമായി കണ്ട് മുഖം നോക്കാതെ നടപടി എടുക്കാൻ കർശന നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ഡി) | വളരെ തിരക്കേറിയ പ്രദേശത്ത് അനധികൃതമായി വാഹനം പാർക്ക് ചെയ്ത് ഗതാഗതതടസ്സം ഉണ്ടാക്കുന്ന വാഹന ഉടമൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ